**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 59** **23-08-2022 - ൽ മറുപടിയ്ക്ക്**

**പെൻഷൻകാരുടെ സർവ്വീസ് ചട്ടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എൻ എ നെല്ലിക്കുന്ന് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | പെൻഷൻകാരുടെ പെൻഷൻ തടഞ്ഞുവയ്ക്കുകയോ പിൻവലിക്കുകയോ ചെയ്യുന്നതടക്കമുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി കേരള സർവ്വീസ് ചട്ടം ഭേദഗതി ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ വിശദാംശം നൽകാമോ; | (എ) | പെൻഷൻകാരുടെ പെൻഷൻ തടഞ്ഞുവയ്ക്കുകയോ പിൻവലിക്കുകയോ ചെയ്യുന്നതിന് വ്യവസ്ഥകൾ നിലവിലുണ്ട്.<br><br>കേരള സർവ്വീസ് ചട്ടങ്ങൾ പുതിയതായി ഭേദഗതി വരുത്തിയിട്ടില്ല |
| (ബി) | ഏത് ചട്ടങ്ങളാണ് അപ്രകാരം ഭേദഗതി ചെയ്തതെന്നും ഏത് തീയതിയിൽ ഇറക്കിയ ഏത് ഉത്തരവിലൂടെയാണ് ഭേദഗതി വരുത്തിയതെന്നും വ്യക്തമാക്കാമോ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (ബി) | ബാധകമല്ല |
| (സി) | ഏത് സാഹചര്യത്തിലാണ് പെൻഷൻ തടഞ്ഞുവക്കുകയോ പിൻവലിക്കുകയോ ചെയ്യുന്നതെന്ന് വ്യക്തമാക്കാമോ; | (സി) | നിലവിലുള്ള ചട്ടങ്ങൾ / വ്യവസ്ഥകൾ പ്രകാരം സർവീസിൽ നിന്നും വിരമിച്ച ജീവനക്കാർക്കെതിരെ കെ.എസ്.ആർ ഭാഗം III ചട്ടം 2, 3, 59 പ്രകാരം അച്ചടക്ക നടപടി സ്വീകരിച്ച് പെൻഷൻ തടഞ്ഞുവക്കുകയോ പിൻവലിക്കുകയോ ചെയ്യാവുന്നതാണ്<br><br>i) കെ.എസ്.ആർ ഭാഗം III ചട്ടം 2(a) പ്രകാരം പെൻഷണർക്കെതിരെ ഗൗരവമായ കുറ്റകൃത്യം സ്ഥാപിക്കപ്പെടുമ്പോൾ അല്ലെങ്കിൽ ഗുരുതരമായ പെരുമാറ്റ ദൂഷ്യത്തിനു കുറ്റക്കാരനാണെന്ന് തീരുമാനിക്കുമ്പോൾ സർക്കാരിന് ലിഖിതമായ ഉത്തരവിനാൽ പെൻഷനോ അല്ലെങ്കിൽ അതിന്റെ ഒരു ഭാഗമോ തടഞ്ഞു വയ്ക്കുകയോ പിൻവലിക്കുകയോ ചെയ്യാവുന്നതാണ്.<br><br>ii) ഒരു ജീവനക്കാരൻ സർവീസിലിരിക്കുമ്പോൾ KCS (C.C &A) ചട്ട പ്രകാരം ആരംഭിച്ച വകുപ്പുതല നടപടികൾ സർവീസിൽ നിന്നും വിരമിക്കുമ്പോഴും |

തീർപ്പാക്കിയിട്ടില്ലായെങ്കിൽ കെ.എസ് ആർ ഭാഗം III ചട്ടം 3(a) പ്രകാരം തുടർ നടപടികൾ സ്വീകരിച്ച ശിക്ഷയുടെ ഭാഗമായി പെൻഷൻ ഭാഗികമായോ, പൂർണ്ണമായോ, താൽക്കാലികമായോ, സ്ഥിരമായോ പിൻവലിക്കാവുന്നതാണ്.

iii) സർവീസിലിരിക്കുമ്പോൾ ഒരു ജീവനക്കാരനെതിരെ അച്ചടക്ക നടപടി ആരംഭിച്ചിട്ടില്ലായെങ്കിലും കുറ്റാരോപിതൻ വിരമിച്ചാലും (പെൻഷൻ ആനുകൂല്യങ്ങൾ അനുവദിച്ചാലും, ഇല്ലെങ്കിലും) സംഭവം നടന്നു നാല് വർഷ കാലയളവ് പിന്നിട്ടിട്ടില്ലാത്ത പക്ഷം അയാൾക്കെതിരെ കെ എസ് ആർ ഭാഗം III ചട്ടം 3(b)(i) പ്രകാരമുള്ള അച്ചടക്ക നടപടി സർക്കാർ അനുമതിയോടെ സ്വീകരിച്ച ശിക്ഷയുടെ ഭാഗമായി പെൻഷൻ ഭാഗികമായോ, പൂർണ്ണമായോ, താൽക്കാലികമായോ, സ്ഥിരമായോ പിൻവലിക്കാവുന്നതാണ്.

iv) വിരമിച്ച കുറ്റാരോപിതർക്കെതിരെ കെ എസ് ആർ ഭാഗം III ചട്ടം 3 പ്രകാരം നടപടികൾ സാധ്യമല്ലാത്ത സാഹചര്യത്തിൽ ഇവരുടെ പെൻഷൻ ആനുകൂല്യങ്ങൾ ഒന്നും തന്നെ നല്കിയിട്ടില്ലായെങ്കിൽ കെ എസ് ആർ ഭാഗം 3 ചട്ടം 59(b) പ്രകാരം സർക്കാരിന് അച്ചടക്ക നടപടി ആരംഭിച്ച പെൻഷനിൽ സ്ഥിരമായ കുറവ് വരുത്താവുന്നതാണ്

v) വകുപ്പുതല / നീതിന്യായ നടപടി എന്നിവയിൽ വിരമിച്ചതിനു ശേഷം കുറ്റക്കാരെന്നു കാണുന്ന ഉദ്യോഗസ്ഥർക്ക് പെൻഷനാനുകൂല്യങ്ങൾ വിതരണം ചെയ്താലും ഇല്ലെങ്കിലും അവർക്കെതിരെ കെ.എസ്.ആർ ഭാഗം III ചട്ടം 59(c) പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് പെൻഷനിൽ കുറവ് വരുത്തുവാനും പെൻഷൻ പൂർണ്ണമായും പിൻവലിക്കാനും സർക്കാരിനു അധികാരം ഉണ്ടായിരിക്കുന്നതാണ്.

vi) ക്രമവിരുദ്ധമായ നടപടികൾ നിർവ്വഹിച്ചിട്ടുള്ള ഉദ്യോഗസ്ഥർ സർവ്വീസിൽ നിന്നും വിരമിക്കുകയും, പെൻഷൻ ആനുകൂല്യങ്ങളെല്ലാം കൈപ്പറ്റുകയും ചെയ്തിട്ടുണ്ടെങ്കിൽ അവർക്കെതിരെ KSR ഭാഗം III ചട്ടം 3, 59(b) & 59(c) എന്നിവ പ്രകാരം അച്ചടക്ക നടപടികൾ സ്വീകരിക്കുവാൻ കഴിയാത്ത

| | | | |
|---|---|---|---|
| | | | സാഹചര്യത്തിൽ സർക്കാരിന് കെ.എസ്.ആർ ഭാഗം III ചട്ടം 59(d ) പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് പെൻഷൻ പൂർണ്ണമായോ നിശ്ചിത ഭാഗം മാത്രമോ സ്ഥിരമായി കുറവ് ചെയ്യാൻ അധികാരം ഉണ്ടായിരിക്കുന്നതാണ്. |
| (ഡി) | പെൻഷൻകാരുടെ പെരുമാറ്റദൂഷ്യം തടയാൻ ചട്ടത്തിൽ ഭേദഗതിയുണ്ടോ എന്ന് വ്യക്തമാക്കാമോ; എങ്കിൽ ഏതെല്ലാം തരത്തിലുള്ള പെരുമാറ്റദൂഷ്യമാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ; | (ഡി) | പെൻഷൻകാരുടെ പെരുമാറ്റദൂഷ്യം തടയാൻ കെ എസ് ആർ ഭാഗം III -ൽ ഭേദഗതി വരുത്തിയിട്ടില്ല |
| (ഇ) | പ്രായാധിക്യവും തൻമൂലമുള്ള മാനസിക സംഘർഷവും കാരണം ദുരിതമനുഭവിക്കുന്നവരിൽ സർവ്വസാധാരണമായ പെരുമാറ്റവ്യത്യാസത്തിന്റെ പേരിൽ പെൻഷൻകാർ ശിക്ഷിക്കപ്പെടുന്നത് ശരിയല്ല എന്ന പൊതുജനാഭിപ്രായം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കാമോ? | (ഇ) | ഇല്ല |

സെക്ഷൻ ഓഫീസർ